# പ്ലാച്ചിമടസമരം – ചില നിരീക്ഷണങ്ങൾ

ഡോ. എബി ജോർജ്ജ് / കേട്ടെഴുതിയത് : സി.എസ്. സംഗമേശ്വരൻ

**പ്ലാച്ചിമട സമരം ഔപചാരികമായി തുടങ്ങുന്നതിനുമുൻപ് മുതലേ (2002 ഏപ്രിൽ 22) കോള പ്രശ്നത്തിൽ അടുത്തിടപഴകുകയും പഠനത്തിൽ സഹായിക്കുകയും ചെയ്തിട്ടുള്ള എബി പ്ലാച്ചിമടയെക്കുറിച്ച് കേരളീയവുമായി തന്റെ നിരീക്ഷിണങ്ങൾ പങ്കുവെയ്ക്കുന്നു, സാമൂഹ്യ പ്രവർത്തകർക്ക് ഉപകാരപ്രദമായത്.**

**● പ്ലാച്ചിമട പ്രശ്നം പരിഹരിക്കപ്പെടാതെ പോകുന്നത് പഞ്ചായത്തുകളുമായി ബന്ധപ്പെട്ട വീഴ്ചയാണോ?**

നമ്മുടെ പ്രാദേശികഭരണം കോക്കകോള പോലുള്ള കമ്പനികളെ നേരിടാൻ തക്കവണ്ണം വീഴ്ചകളില്ലാത്ത ഒരു സംവിധാനമായി ഇനിയും മാറേണ്ടതുണ്ട്. ഇത്തരം ഒരു കാര്യത്തിൽ പ്രാദേശിക ഭരണത്തിന് ഇടപെടാൻ പറ്റുന്നതിന് പരിമിതികളുണ്ട്. ഇത് നിരന്തരമായ ഇടപെടലിലൂടെ മെച്ചപ്പെടുത്തേണ്ട മേഖലകളാണ്. ഒരു പത്ത് വർഷം മുൻപ് തദ്ദേശ ഭരണകൂടങ്ങളിലൂടെ ഇത്രപോലും കഴിയുമായിരുന്നുവെന്ന് കരുതാനാവില്ലായിരുന്നു. ചാലിയാർ സമരത്തിൽ റഹ്മാൻ സാഹിബൊക്കെ വേറൊരു വിധത്തിൽ ഇടപെട്ടു എന്നത് ശരിതന്നെ. വ്യവസ്ഥയുടെ വീഴ്ചകൾ എന്ന പ്രശ്നം നിലനില്ക്കുമ്പോൾ തന്നെ മറ്റൊരു കാര്യത്തിലേക്കാണ് പ്ലാച്ചിമട അനുഭവങ്ങൾ ചൂണ്ടുന്നത്. പ്രാദേശിക രാഷ്ട്രീയത്തിന് കേന്ദ്രീകൃത രാഷ്ട്രീയ പാർട്ടികളിൽ എത്ര ഇടമുണ്ട് എന്നുള്ളതാണ് ഒരു ഗൗരവമുള്ള പ്രശ്നം. പ്രാദേശിക രാഷ്ട്രീയത്തിൽ വന്ന അപചയം ഇവിടെ ശ്രദ്ധിക്കേണ്ടതാണ്. വിവിധ പാർട്ടികളുടെ പ്രാദേശിക ഘടകങ്ങളാണ് പ്രാദേശിക രാഷ്ട്രീയത്തെ രൂപപ്പെടുത്തുന്നത്. കേന്ദ്രനേതൃത്വങ്ങളുടെ അനുമതിയും ആശീർവാദവുമില്ലാതെ, പ്രാദേശിക പ്രശ്നങ്ങളോടുള്ള സ്വാഭാവിക പ്രതികരണത്തിന്റെ കൃത്യമായ ഉദാഹരമമാണ് പ്ലാച്ചിമട സമരം. 'മുകളിൽ'നിന്നുള്ള ഇടപെടലുകൾ – അനുകൂലമായും പ്രതികൂലമായും ഉണ്ടായത് രാഷ്ട്രീയ ലക്ഷ്യങ്ങൾ മുന്നിൽ വെച്ചുകൊണ്ടായിരുന്നല്ലോ. വോട്ടു നേടുക എന്നതിനേക്കാൾ വ്യത്യസ്തമായ ചില മുല്യങ്ങൾ കണ്ടതുകൊണ്ടാണ് ആളുകൾ ഇതിൽ ഇടപെട്ടത്. ഇതിൽ സാമ്രാജ്യത്വ വിരുദ്ധതയുണ്ടാകാം. വ്യക്തിഗത നേട്ടങ്ങൾക്കാവാം. എന്തൊക്കെയായാലും പാർട്ടികൾക്കുപരി പലരും പ്ലാച്ചിമടയിൽ ഇടപെട്ടു. വിജയിച്ചോ പരാജയപ്പെട്ടോ എന്നുള്ളത് വേറെ കാര്യം.

**● ഭൂജലവകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളൊക്കെ പ്ലാച്ചിമട പ്രശ്നം പരിഹരിക്കുന്നതിൽ പരാജയപ്പെട്ട നിലക്ക് സമരപ്രവർത്തകർക്ക് എന്താണ് ചെയ്യാൻ കഴിയുക?**

ഔദ്യോഗിക സ്ഥാപനങ്ങളുടെ പരാജയം ഒക്കെ രണ്ടാം തലത്തിലുള്ള കാര്യങ്ങൾ മാത്രമാണ്. അപ്രധാനമായ സ്ഥലത്ത് നാം ഊന്നൽ കൊടുക്കാൻ പാടില്ല. ഇവയൊക്കെ ഫലവത്തായിരുന്നുവെങ്കിൽ പ്ലാച്ചിമട പോലുള്ള പ്രശ്നങ്ങൾ ഉണ്ടാകുമേയില്ലായിരുന്നല്ലോ. നമ്മൾ, ആളുകൾ, നിതാന്ത ജാഗ്രത പാലിക്കുന്നവരായിരിക്കുക മാത്രമേ ഇതിൽ നിർണ്ണായകമായിട്ടുള്ളൂ. നിതാന്ത ജാഗ്രതയുള്ള ഒരു കൂട്ടമായി നാം നില്ക്കുന്നതിന് ആരൊക്കെ എങ്ങിനെയൊക്കെ സഹായകരമാകും എന്നാണ് നോക്കേണ്ടത്. സ്വയംഭരണത്തിന്റെ ജാഗ്രത ഒരിക്കലും ഒരു പഞ്ചായത്ത് മെമ്പറെ കൊണ്ടോ വിദഗ്ദ്ധ സ്ഥാപനങ്ങളെ കൊണ്ടോ പകരം വയ്ക്കാനാവുന്നതല്ല. പഞ്ചായത്തും ജനപ്രതിനിധികളും ജനങ്ങളുടെ ജാഗ്രതക്ക് സഹായിക്കാനും പ്രതികരിക്കാനും പറ്റുന്ന തരം സ്ഥാപനമായി ഇനിയും വളരേണ്ടതുണ്ട്. നേരത്തെ പറഞ്ഞ കേന്ദ്രീകൃത രാഷ്ട്രീയ സംവിധാനങ്ങളാണ് ഇതിനുള്ള വലിയ തടസ്സം. ജനകീയ ജലാധികാരം എന്നതൊക്കെ ചർച്ചകളിലൂടെ ആഴത്തിലേക്ക് കൊണ്ടുവരാനാകുമോയെന്നതാണ് നാം ആലോചിക്കേണ്ടത്. വിഭവങ്ങളുടെ മേലുള്ള പ്രാഥമികാവകാശവും അതു സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്തവും എന്ന് ജനങ്ങൾക്ക് ഏറ്റെടുക്കാനാകുമെന്നത് പ്രധാനപ്പെട്ട കാര്യമാണ്. അവകാശം മാത്രമല്ല, ഉത്തരവാദിത്തവും എന്നത് വീണ്ടും പറയട്ടെ.

ഭാരതപ്പുഴയുടെ ഉത്തരവാദിത്തം ആ നദീതടത്തിലുള്ള പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാമല്ലോ? ഇതിനർത്ഥം പുഴയിൽ ഉടനീളം തടയണ കെട്ടുക എന്നായിരിക്കണമെന്നില്ല. പഞ്ചായത്തു നടപ്പിലാക്കുന്ന മുഴുവൻ പദ്ധതികൾക്കും 'പുഴയുടെ ആരോഗ്യം' നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും സഹായകരമാകുന്ന രീതിയിലാകണം. ഇക്കാര്യങ്ങളാകണം ഗ്രാമസഭകളിൽ ചർച്ചക്കുവരേണ്ടത്. ജനകീയ ജലാധികാരം മുദ്രാവാക്യത്തിൽനിന്നും പ്രായോഗികമാക്കുന്നതിനുള്ള തുടക്കം അങ്ങനെയാണ് ഉണ്ടാകേണ്ടത്.

**● സമരപരിശീലനത്തിന്റെ ആവശ്യകത-പ്ലാച്ചിമട സമരത്തിന്റെ ആദ്യകാലങ്ങളിലുള്ള അനുഭവങ്ങളിൽനിന്ന് ചില നിരീക്ഷണങ്ങൾ പറയാമോ?**

എങ്ങിനെ സമരം ചെയ്യണം എന്നത് ഓരോരുത്തരും സ്വേച്ഛാപരമായി തീരുമാനിക്കേണ്ടതല്ല. സമരത്തിന്റെ തുടക്കം വളരെ സ്ഫോടനാത്മകമായ ഒരു പ്രതികരണമായി ആരംഭിച്ചിട്ടുണ്ടാകാം. പക്ഷേ നമ്മൾ ഉയർത്തുന്ന പ്രശ്നങ്ങൾ വ്യത്യസ്തങ്ങളായ തലങ്ങളിൽ ചർച്ച ചെയ്യപ്പെടേണ്ടതാണ്. കോക്കിനെ പോലെ ഒരു ബഹുരാഷ്ട്രഭീമൻ നമ്മുടെയൊക്കെ തന്നെ ശീലങ്ങൾ വരെ, സർക്കാരിന്റെ നയം മുതൽ ഒരു പെട്ടിക്കടകച്ചവടക്കാരന്റെ ലാഭേച്ഛ വരെ, കമ്പനികൾ ഭൂഗർഭ ജലം ചൂഷണം ചെയ്യുന്നതുമുതൽ കൃഷിക്കാരെപ്പോലും ആർത്തിപിടിച്ച ജല ഉപഭോക്താക്കളാക്കുന്ന കൃഷി സമ്പ്രദായം വരെ... അങ്ങനെ വിവിധ തലങ്ങളുണ്ട്.

കോള കമ്പനിയും കമ്പനിയുടെ രീതിയും ഇതിന്റെയെല്ലാം പ്രതീകങ്ങളാകും. അതുകൊണ്ടുതന്നെ സ മരം നീണ്ടകാലങ്ങളിലേക്ക് വേണ്ടിവരും. അതിനുള്ള തയ്യാറെടുപ്പും സന്നദ്ധതയും കഴിവുമെല്ലാം സമരത്തിലൂടെ തന്നെ വളർത്തിയെടുക്കണം. ഇതൊരു നീണ്ടകാലം നിലനിർത്തേണ്ട സത്യാഗ്രഹം തന്നെയാകണം. അതു വളരെ ആസൂത്രണം ചെയ്ത് കൃത്യതയോടെ നിർവഹിക്കേണ്ട കാര്യമാണ്. പ്രാദേശികമായി കഴിവുള്ളവരെ സമരഭടന്മാർ എന്ന ഒരു തലത്തിലേക്ക് വളർത്താനുള്ള ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്. ആഗോളവത്കരണത്തിനെതിരായിയുള്ള പ്രതിരോധത്തിൽ പ്ലാച്ചിമട സമരത്തിന്റെ സാധ്യതകൾ തിരിച്ചറിഞ്ഞത് ഒരുപക്ഷേ പുറത്തുള്ളവരായിരിക്കാം. പക്ഷേ ആ സാധ്യതകളിലേക്കുള്ള സമരഭടന്മാരാകാൻ സമരപ്രവർത്തകർ പരിശീലിപ്പിക്കപ്പെടേണ്ടതുണ്ട്. ഇതുപക്ഷെ വാക്കുകളിലൂടെ പറ്റില്ല. പ്രാദേശിക സമരപ്രവർത്തകരുമായി വിശ്വാസം നേടി വിനിമയം ചെയ്തേ പറ്റൂ.

**● ഗ്രാമസഭകൾക്ക് കൂടുതൽ അധികാരം ഉണ്ടാകുന്നതിനെക്കുറിച്ച് ?**

ഗ്രാമസഭകൾക്ക് കൂടുതൽ അധികാരം വേണമെന്ന പക്ഷക്കാരനാണ് ഞാൻ. ഇന്നുള്ള ഗ്രാമസഭകളുടെ പുഴുക്കുത്തുകളെക്കുറിച്ച് നല്ല ബോധ്യമുണ്ടായിട്ടു തന്നെയാണ് ഇത് പറയുന്നത്. കോൺട്രാക്ടർമാരും രാഷ്ട്രീയക്കാരും പഞ്ചായത്ത് ഭരണക്കാരും തമ്മിലുള്ള അഹിതമായ ബന്ധം ഉണ്ടെന്നുള്ള ആരോപണത്തിലും കഴമ്പുണ്ട്. പക്ഷേ ഇതൊരു പരിവർത്തനഘട്ടമായി കണക്കാക്കണം. എന്താണ് പഞ്ചായത്തുകളോട് രാഷ്ട്രീയ കക്ഷികൾക്കും കോൺട്രാക്ടർമാർക്കും ഇത്ര താല്പര്യം. തീരുമാനങ്ങളെടുക്കാനുള്ള അധികാരം ഇവിടെയായതുകൊണ്ടാണിത്. ഈ തീരുമാനമെടുക്കൽ ഗ്രാമസഭകളിലേക്ക് വന്നാൽ ചിത്രം മാറും. ഇതിന് പഞ്ചായത്ത് അടക്കം അപ്പോൾ ഇടങ്കോലിട്ടേക്കും. അധികാരം കൈമാറുമ്പോഴത്തെ തർക്കങ്ങളാണിതൊക്കെ. ഇത് പണ്ട് ബ്രിട്ടീഷുകാർ ഇന്ത്യൻ ജനങ്ങൾക്ക് അധികാരം കൈമാറുമ്പോൾ പറഞ്ഞ കാര്യങ്ങൾ തന്നെയാണ്.

പ്ലാച്ചിമടയിലെ കോക്കകോള പോലുള്ള ഒരു വ്യവസായസംരംഭം ഒരു ഗ്രാമത്തിൽ സ്ഥാപിക്കുന്നതിന് മുൻപ് അതിന്റെ നേട്ടങ്ങളെയും കോട്ടങ്ങളെയും പറ്റി വേണ്ടത്ര വിവരങ്ങൾ മുൻകൂട്ടി നൽകി ഒരു സംവാദം നടത്തി നോക്കൂ. ഏറ്റവും ന്യായമായ ഒരു തീരുമാനം അതിലൂടെ ഉരുത്തിരിഞ്ഞുവരുമെന്ന കാര്യത്തിൽ എനിക്ക് സംശയമൊന്നുമില്ല. എന്തായാലും ഏലൂർ പോലെ കുറെ സ്ഥലങ്ങൾ മുടിഞ്ഞു പോയിട്ടുണ്ടാകും. എന്നാലും ആകപ്പാടെ നോക്കിയാൽ അവസ്ഥ മെച്ചപ്പെടുകയായിരിക്കും ഫലം. കീടനാശിനികളും പുറന്തള്ളുന്ന മറ്റ് മാലിന്യങ്ങളുടേയും ഗുണദോഷങ്ങളും ആരോഗ്യഫലങ്ങളും ഒക്കെ വിവരിച്ചു കൊടുത്തശേഷം ഗ്രാമത്തിലെ ആളുകൾ തീരുമാനിക്കട്ടെ. അവർക്ക് അത് വേണമോ വേണ്ടയോ എന്ന്. ഇന്നത്തെ അവസ്ഥയിൽ ഇത്തരം തീരുമാനങ്ങളെടുക്കുന്ന ഉന്നതന്മാർക്ക് ഇതൊന്നും ഒരു പ്രശ്നമേയല്ല. കാരണം അവരല്ല അതിന്റെ യാതനകൾ അനുഭവിക്കാൻ പോകുന്നത്. അനുഭവിക്കാനിടയാകുന്നവർക്ക് തന്നെ തീരുമാനമെടുക്കാനുള്ള സാധ്യത നമുക്കെന്തുകൊണ്ട് കൊടുത്തുകൂടാ? ഭരണഘടനായല്ല ഇവിടെ തടസ്സം. കേന്ദ്രീകൃത രാഷ്ട്രീയാവസ്ഥയാണിതിന് വിരുദ്ധമായി നിൽക്കുന്നത്. പ്ലാച്ചിമട സമരവുമായി ബന്ധപ്പെടുത്തി ഇത്തരം കാര്യങ്ങൾ പുനർവിചിന്തനത്തിന് വിധേയമാക്കണം.

അസിസ്റ്റന്റ് പ്രൊഫസർ, കില, മുളങ്കുന്നത്തുകാവ്


## ജീവിതസഖി

മുസ്ലീം കുടുംബത്തിൽ പിറന്ന മതേതരവും ബിരുദധാരിയും പുസ്തകകച്ചവടക്കാരനുമായ യുവാവ് (40) ഇതര സമുദായങ്ങളിൽനിന്ന് മതപരമായ മേൽവിലാസമില്ലാത്ത ജീവിതസഖിയെ തേടുന്നു.

വിളിക്കുക : ഫോൺ : 9388888651

കേരളീയം

## വായനക്കാരുടെ യോഗം

കേരളീയം സുഹൃത്തുക്കളുടേയും അഭ്യുദയകാംക്ഷികളുടെയും സുപ്രധാനയോഗം ജനുവരി 28 ഞായറാഴ്ച കാലത്ത് 11 ന് കേരളീയം, കൊക്കാലെ ഓഫീസിൽ ചേരുന്നു. താങ്കൾ പങ്കെടുക്കുമല്ലോ.

ഫോൺ : 9388872845, 9447674376

## വിവരാവകാശം – കൂട്ടായ്മ

വിവരാവകാശനിയമം കേരളത്തിൽ ഫലപ്രദമായി നടപ്പാക്കുന്നതിനായി രൂപീകരിച്ച കൂട്ടായ്മ വിപുലമാക്കാൻ സഹകരിക്കുക.

കളം രാജൻ, പി.ഒ. കോട്ടയ്ക്കൽ, മലപ്പുറം. 0483 2741057, 9446769476